# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 232

27.01.2014 ൽ മറുപടിക്ക്

### അഡ്വഞ്ചർ ടൂറിസം

**ചോദ്യം**

**ശ്രീ. റോഷി അഗസ്റ്റിൻ**
**ശ്രീ. പി.സി.ജോർജ്**
**ഡോ.എൻ.ജയരാജ്**
**ശ്രീ. എം.വി.ശ്രേയാംസ് കുമാർ**

എ) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

ബി) പ്രസ്തുത മേഖലയുടെ വികസനതതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

**ഉത്തരം**

**ശ്രീ. എ.പി.അനിൽകുമാർ**
**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

എ) കേരളത്തെ ഒരു സാഹസിക വിനോദ സഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിന്റെ ആദ്യപടിയായി അന്താരാഷ്ട്ര നിലവാരത്തിൽ മൗണ്ടൻ സൈക്ലിംഗ് മത്സരം വയനാട് ജില്ലയിൽ വച്ച് 2014 ഫെബ്രുവരിയിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സംഘടിപ്പിക്കുന്നുണ്ട്. കാപ്പിൽ, മുഴുപ്പിലങ്ങാട്, വാഗമൺ എന്നീ സ്ഥലങ്ങളെ പ്രധാന സാഹസിക വിനോദ സഞ്ചാര കേന്ദ്രങ്ങളായി ഉയർത്തുന്നതിലേക്ക് രൂപരേഖ തയ്യാറാക്കിവരുന്നു. കേരളത്തിലെ 14 ജില്ലകളിലും സ്ഥലലഭ്യതയ്ക്കനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് സ്ഥലനിർണ്ണയം നടത്തിയതിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളാർ, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നീ സ്ഥലങ്ങൾ അനുയോജ്യമാണെന്ന് കണ്ടെത്തുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ബി) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘം ആക്ട് അനുസരിച്ച് 2012 ൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.റ്റി.പി.എസ്) രൂപീകൃതമായി. 2013 ഏപ്രിൽ മുതൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

[....2]

| | |
|---|---|
| സി) അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ 2014-15 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | സി) തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ